# രാജ്യത്തെ ആദ്യ ഡിജിറ്റൽ ലോക് അദാലത്തുമായി രാജസ്ഥാൻ

ജയ്പൂർ:രാജ്യത്തെ ആദ്യ ഡിജിറ്റൽ ലോക് അദാലത്ത് രാജസ്ഥാൻ അവതരിപ്പിച്ചു.ജയ്പൂരിൽ നടന്ന അഖിലേന്ത്യ ലീഗൽ സർവീസസ് അതോറിറ്റി യോഗത്തിൽ നൽസ ചെയർമാൻ ഉദയ് ഉമേഷ് ലളിതാണ് എഐ അധിഷ്ഠിത ഡിജിറ്റൽ ലോക് അദാലത്ത് അവതരിപ്പിച്ചത്.വികസിപ്പിച്ചത് സാങ്കേതിക സഹകാരിയായ ജൂപിറ്റൈസ് ജസ്റ്റിസ് ടെക്നോളജീസാണ്. രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഖേലോട്ട്, നീതി,ന്യായ വകുപ്പ് മന്ത്രി കിരെൻ റിജ്ജു എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഇന്ത്യൻ ചീഫ് ജസ്റ്റിസ് എൻ.വി.രമണ രണ്ടു ദിവസത്തെ യോഗം ഉദ്ഘാടനം ചെയ്തു.



ആദ്യ ഡിജിറ്റൽ ലോക് അദാലത്ത് ഉദയ് ഉമേഷ് ലളിത് ജയ്പൂരിൽ നടന്ന അഖിലേന്ത്യ ലീഗൽ സർവീസസ് അതോറിറ്റി യോഗത്തിൽ അവതരിപ്പിക്കുന്നു